

# 2 കച്ചവടത്തിൽ നിന്ന് അധികാരത്തിലേക്ക്

യൂറോപ്പിലെ വിവിധ രാജ്യങ്ങൾ കച്ചവടത്തിനായി ഇന്ത്യയിലെത്തിയെന്നും കച്ചവടാധിപത്യത്തിനുവേണ്ടി അവർ മത്സരിച്ചുവെന്നും ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചുവെന്നുമുള്ള ആശയരൂപീകരണമാണ് ഈ പാഠഭാഗത്തിന്റെ ലക്ഷ്യം. കച്ചവടത്തിനു വന്ന വിദേശശക്തികൾ നടത്തിയ അധിനിവേശത്തെപ്പറ്റി അവബോധമുണ്ടാക്കാനും വിദേശ ഇടപെടലുകൾക്കെതിരായ മനോഭാവം വിദ്യാർത്ഥികളിൽ രൂപപ്പെടാനും ഈ പാഠഭാഗത്തിന്റെ വിനിമയത്തിലൂടെ കഴിയണം.

വിവിധ യൂറോപ്യൻ ശക്തികളുടെ ആഗമനം, യൂറോപ്യൻ ബന്ധങ്ങൾ സൃഷ്ടിച്ച മാറ്റങ്ങൾ, ഇന്ത്യയിൽ ആധിപത്യമുറപ്പിക്കാൻ ബ്രിട്ടീഷുകാർ സ്വീകരിച്ച തന്ത്രങ്ങൾ എന്നീ ആശയങ്ങൾ ഈ പാഠഭാഗത്ത് ചർച്ച ചെയ്യുന്നു.

## യൂണിറ്റ് ഫ്രെയിം

**2: കച്ചവടത്തിൽ നിന്ന് അധികാരത്തിലേക്ക്** **ആകെ പിരിയഡ്: 12**

| ആശയങ്ങൾ/ ധാരണകൾ | പഠനപ്രവർത്തനങ്ങൾ/പഠനതന്ത്രങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • കച്ചവടത്തിനായുള്ള യൂറോപ്യൻമാരുടെ വരവ്-പോർച്ചുഗീസുകാർ, ഡച്ചുകാർ-ഇംഗ്ലീഷുകാർ-ഫ്രഞ്ചുകാർ. | • കുരുമുളകിന്റെ കഥ - ചർച്ച<br>• ലോകഭൂപടനിരീക്ഷണം<br>• പോർച്ചുഗീസ് ബന്ധങ്ങൾ - പട്ടികപ്പെടുത്തൽ<br>• പോർച്ചുഗീസുകാരുടെ പരാജയകാരണങ്ങളുടെ വിശകലനക്കുറിപ്പ് തയ്യാറാക്കൽ<br>• വിവിധ യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയിലെത്തിയത് കാലഗണനയനുസരിച്ച് അവതരിപ്പിക്കൽ | • പോർച്ചുഗൽ, നെതർലാന്റ് (ഹോളണ്ട്) ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ നിന്നും കച്ചവടക്കാർ ഇന്ത്യയിലെത്തിയിരുന്നുവെന്ന് കണ്ടെത്തുന്നു. |
| • കച്ചവടാധിപത്യത്തിനുവേണ്ടി നടന്ന മത്സരങ്ങൾ-നാട്ടുരാജ്യങ്ങളെ കീഴടക്കുന്നു. | • ബംഗാളിൽ ബ്രിട്ടീഷ് ആധിപത്യം സ്ഥാപിക്കാനുള്ള കാരണങ്ങൾ - കുറിപ്പ് തയ്യാറാക്കൽ. | • കച്ചവടാധിപത്യം നേടിയ ബ്രിട്ടീഷുകാർ ഇവിടെ രാഷ്ട്രീയാധികാരം നേടിയെന്ന് വിലയിരുത്തുന്നു. |
| • സൈനികസഹായവ്യവസ്ഥ<br>• ദത്തവകാശ നിരോധന നിയമം | • 'ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി ഇന്ത്യയിൽ ഭരണാധികാരികളായതെങ്ങനെ' എന്ന വിഷയത്തിൽ സെമിനാർ. | • സൈനിക ശക്തിയും ഉടമ്പടികളും വഴിയാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആധിപത്യമുറപ്പിച്ചതെന്ന് വിശദമാക്കുന്നു. |

## യൂണിറ്റിലേക്ക്


നമ്മുടെ നാട്ടിൽ നിന്നും പുരാതനകാലം മുതൽ വിദേശികൾ ശേഖരിച്ചുകൊണ്ടു പോയ പ്രധാന ഉത്പന്നമാണ് കുരുമുളക്. എന്തിനായിരിക്കാം അവർ ഇത് കൊണ്ടു പോയത് എന്ന ചോദ്യം അധ്യാപിക ഉന്നയിക്കുന്നു. കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ബോർഡിൽ കുറിച്ചിടുന്നു. കുട്ടികൾ പ്രതികരിച്ചത് ശരിയാണോ എന്ന് കണ്ടെത്താൻ വേണ്ടി പാഠഭാഗത്ത് നൽകിയിട്ടുള്ള 'കറുത്ത പൊന്നിനുമുണ്ടൊരു കഥ പറയാൻ', എന്ന പാഠഭാഗം വായിക്കാൻ നിർദേശിക്കുന്നു. കഥയിൽ നിന്നുള്ള കണ്ടെത്തലുകൾ ചർച്ച ചെയ്ത് കുറിപ്പാക്കി അവതരിപ്പിക്കട്ടെ.

താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരുംവിധം ചർച്ച ക്രോഡീകരിക്കാൻ ശ്രദ്ധിക്കണം.

- ശൈത്യകാലത്ത് യൂറോപ്പിൽ ഭക്ഷ്യക്ഷാമം നേരിട്ടിരുന്നു.
- ഇതിന് പരിഹാരം കാണാൻവേണ്ടി അവർ ശൈത്യകാലം തുടങ്ങുംമുമ്പ് കന്നുകാലികളെ കൊന്ന് ഇറച്ചിയാക്കി സൂക്ഷിച്ചിരുന്നു.
- ഇറച്ചി ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കാൻ വേണ്ടി കുരുമുളക് ധാരാളമായി ഉപയോഗിച്ചിരുന്നു.
- കുരുമുളക് ശേഖരിക്കാൻ വേണ്ടി പുരാതനകാലം മുതലേ കച്ചവടക്കാർ ഇന്ത്യയിലെത്തിയിരുന്നു.

| |
|---|
| ചരിത്രകാരന്മാരായ രാജൻ ഗുരുക്കളും രാഘവവാര്യരും ചേർന്നെഴുതിയ 'കേരള ചരിത്രം (രണ്ടാം ഭാഗം)' എന്ന പുസ്തകത്തിൽ നിന്നാണ് കഥയുടെ ആശയം സ്വീകരിച്ചിരിക്കുന്നത്. |

കച്ചവടാവശ്യത്തിനുവേണ്ടി ഇന്ത്യയിലെത്തിയ യൂറോപ്യന്മാർ ആരൊക്കെയായിരുന്നു? പേജ് 18, 19 വായിച്ച് ഒരു പദസൂര്യൻ തയ്യാറാക്കാൻ നിർദേശിക്കാം.



വിദ്യാർഥികളെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് ഓരോ ഗ്രൂപ്പിനും ഓരോ ഗ്ലോബോ, അറ്റ്ലസോ നൽകുക. പോർച്ചുഗൽ, നെതർലാന്റ് (ഹോളണ്ട്), ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടുക. ഈ രാജ്യങ്ങൾ ഏത് വൻകരയിലാണെന്നും കണ്ടെത്താൻ നിർദേശിക്കാവുന്നതാണ്. അവരുടെ കണ്ടെത്തലുകൾ നോട്ട്ബുക്കിൽ കുറിക്കട്ടെ.

വിദ്യാർഥികളെ സാമൂഹ്യശാസ്ത്ര ലാബിൽ കൊണ്ടുപോയി വിക്കിമാപ്പിയയുടെ സഹായത്തോടെ ഈ രാജ്യങ്ങൾ കണ്ടെത്താൻ സഹായിക്കുക. മാർബിൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ വാസ്കോഡഗാമ ഇന്ത്യയിലെത്തിയ കടൽമാർഗ്ഗവും രേഖപ്പെടുത്താവുന്നതാണ്.

## പോർച്ചുഗലിൽ നിന്നും കോഴിക്കോട്ടേക്ക്

ചുവടെ തന്നിരിക്കുന്ന മാതൃകയിൽ ചോദ്യങ്ങൾ എഴുതിയ ഒരു ചാർട്ട് അധ്യാപിക ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

| | |
|---|---|
| 1498 മെയ്മാസത്തിൽ കച്ചവടത്തിനായി കോഴിക്കോട്ടെത്തിയ പോർച്ചുഗീസ് നാവികൻ ആര്? | |
| അക്കാലത്ത് കോഴിക്കോട് ഭരിച്ചിരുന്ന രാജാവ് ആര്? | |
| പോർച്ചുഗീസ് കച്ചവടസംഘം കണ്ണൂരിലേക്ക് പോകാൻ കാരണം എന്ത്? | |
| കച്ചവടത്തിനായി കേരളത്തിലെത്തിയ മറ്റ് പോർച്ചുഗീസ് നാവികർ ആരൊക്കെ? | |
| പോർച്ചുഗീസുകാർ ഇന്ത്യയിൽ സ്ഥാപിച്ച പ്രധാന വാണിജ്യകേന്ദ്രങ്ങൾ ഏതൊക്കെ? | |
| പോർച്ചുഗീസ് ബന്ധങ്ങൾ സാമ്പത്തിക സാംസ്കാരിക മേഖലകളിലുണ്ടാക്കിയ മാറ്റങ്ങൾ എന്തൊക്കെ? | |

വിദ്യാർത്ഥികളെ വിവിധ ഗ്രൂപ്പുകളാക്കുക. ചാർട്ടിൽ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ വേണ്ടി പേജ് 18ലെ പോർച്ചുഗലിൽ നിന്ന് കോഴിക്കോട്ടേക്ക് എന്ന ഭാഗം വായിക്കാൻ ആവശ്യപ്പെടുന്നു. പാഠഭാഗം വായിച്ച് ചാർട്ടിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി നോട്ടു ബുക്കിൽ കുറിച്ച് വെക്കാൻ നിർദ്ദേശിക്കുന്നു.

### പോർച്ചുഗീസ് സ്വാധീനം

*പോർച്ചുഗീസുകാരുടെ വരവിനുമുമ്പ് കേരളവുമായുള്ള വാണിജ്യബന്ധങ്ങളുടെ കുത്തക അറബികൾക്കായിരുന്നു. പോർച്ചുഗീസുകാരുടെ വരവോടെ അറബികളുടെ വാണിജ്യമേധാവിത്വം നഷ്ടമാവുകയും യൂറോപ്യൻ രാജ്യങ്ങൾ കച്ചവടക്കുത്തക കൈയടക്കുകയും ചെയ്തു. മേശ, കസേര, വരാന്ത, കുശിനി തുടങ്ങിയ മലയാളം വാക്കുകൾ രൂപപ്പെട്ടത് പോർച്ചുഗീസ് ബന്ധങ്ങളിലൂടെയാണ്. പോർച്ചുഗീസുകാർ കേരളത്തിൽ ക്രിസ്തുമതം പ്രചരിപ്പിച്ചു.*

ഇന്ത്യയിൽ കൂടുതൽ വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിക്കാൻ പോർച്ചുഗീസുകാർക്ക് കഴിയാത്തത് എന്തുകൊണ്ടായിരിക്കാം? എന്ന പ്രശ്നം അധ്യാപകൻ ക്ലാസ്സിൽ ഉന്നയിക്കുന്നു. വിദ്യാർഥികളെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച്, പേജ് 19 വായിച്ച് ചർച്ച ചെയ്യാൻ നിർദേശിക്കുക. ചർച്ചയിൽ അധ്യാപകന്റെ സജീവമായ ഇടപെടൽ ഉണ്ടാകണം. ചർച്ചയിലൂടെ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരാൻ ശ്രമിക്കുമല്ലോ.

- മറ്റ് യൂറോപ്യൻ രാജ്യങ്ങളുടെ വരവോടെ കച്ചവടമത്സരങ്ങൾ ശക്തമാവുകയും പോർച്ചുഗീസുകാർ ഇന്ത്യയിൽ നിന്നും പുറന്തള്ളപ്പെടുകയും ചെയ്തു.
- കുഞ്ഞാലിമരയ്ക്കാരുടെ നേതൃത്വത്തിൽ ഉണ്ടായ പ്രാദേശിക ചെറുത്തുനിൽപ്പുകളും അവരുടെ പരാജയത്തിന് കാരണമായി.

### കുഞ്ഞാലിമരയ്ക്കാർമാർ

*പോർച്ചുഗീസുകാർക്കെതിരായ ചെറുത്തുനിൽപ്പുകൾക്ക് നേതൃത്വം കൊടുത്തത് കുഞ്ഞാലിമരയ്ക്കാർമാരായിരുന്നു. കോഴിക്കോട് ഭരിച്ചിരുന്ന സാമൂതിരി രാജാക്കന്മാരുടെ നാവികപ്പടയുടെ തലവന്മാരായിരുന്നു കുഞ്ഞാലിമരയ്ക്കാർമാർ. കുഞ്ഞാലി 1, കുഞ്ഞാലി 2, കുഞ്ഞാലി 3, കുഞ്ഞാലി 4 എന്നിവരായിരുന്നു ഇവരിൽ പ്രമുഖർ. കോഴിക്കോട് ജില്ലയിലെ വടകരയ്ക്കടുത്ത് പുതുപ്പണത്തെ മരയ്ക്കാർക്കോട്ട ആയിരുന്നു ഇവരുടെ ആസ്ഥാനം. കുഞ്ഞാലി 4-ാമനെ പോർച്ചുഗീസുകാർ പിടികൂടി ഗോവയിൽ കൊണ്ടുപോയി വധിച്ചശേഷം ശിരസ്സ് കണ്ണൂരിൽ പ്രദർശിപ്പിക്കുകയുണ്ടായി.*

### ഡച്ചുകാർ

നമ്മുടെ പരിസരങ്ങളിൽ സാധാരണ കണ്ടുവരുന്ന ഔഷധസസ്യങ്ങളുടെ പേരുകൾ പട്ടികപ്പെടുത്താൻ ആവശ്യപ്പെടുന്നു. കച്ചവടത്തിനുവേണ്ടി ഇന്ത്യയിൽ വന്ന ഡച്ചുകാർ ഔഷധസസ്യങ്ങളെപ്പറ്റി തയാറാക്കിയിട്ടുള്ള പുസ്തകത്തെക്കുറിച്ചറിയാൻ 'ഡച്ചുകാർ' എന്ന പാഠഭാഗം (പേജ് 19) വായിക്കാൻ നിർദേശിക്കുന്നു. നോട്ടുബുക്കിൽ ഒരു വിശകലനക്കുറിപ്പ് തയാറാക്കാൻ ആവശ്യപ്പെടാം.

വിദ്യാർഥികളെ വിവിധ ഗ്രൂപ്പുകളാക്കിയതിനുശേഷം ഔഷധസസ്യങ്ങളെപ്പറ്റിയുള്ള നാട്ടറിവുകൾ ശേഖരിച്ച് ചാർട്ട് തയാറാക്കാനുള്ള പ്രവർത്തനം നൽകാം. സ്കൂൾ പരിസരത്ത് ഔഷധത്തോട്ടം നിർമിക്കുന്ന പ്രവർത്തനവും നൽകാവുന്നതാണ്.

### ഹോർത്തൂസ് മലബാറിക്കസ്

*ഡച്ചുകാരനായ വാൻറീഡിന്റെ നേതൃത്വത്തിൽ തയാറാക്കപ്പെട്ടതാണ് 'ഹോർത്തൂസ് മലബാറിക്കസ്'. മലയാളിയായ ഇട്ടി അച്യുതൻ വൈദ്യർ, കൊങ്കിണി ബ്രാഹ്മണരായ രംഗഭട്ട്, അപ്പുഭട്ട്, വിനായകഭട്ട് എന്നിവരുടെ സഹായത്തോടെയാണ് ഈ ഗ്രന്ഥം തയാറാക്കിയത്. ഹോളണ്ടിലെ ആംസ്റ്റർഡാമിൽ നിന്നാണ് ഇത് പ്രസിദ്ധീകരിച്ചത്. ഹോർത്തൂസ് മലബാറിക്കസിന്റെ മലയാള പരിഭാഷ കേരള സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്.*

വിദ്യാർഥികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ചശേഷം ഓരോ ഗ്രൂപ്പിനും ആധുനിക ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം നൽകുക. പാഠപുസ്തകത്തിൽ പേജ് 20 ൽ നൽകിയ ഭൂപടം നിരീക്ഷിച്ച് വിവിധ യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയിൽ സ്ഥാപിച്ച വാണിജ്യ കേന്ദ്രങ്ങൾ ഇന്ന് ഏതൊക്കെ സംസ്ഥാനങ്ങളിലാണെന്ന് കണ്ടെത്തി ഒരു പട്ടിക തയാറാക്കാൻ നിർദേശിക്കുക. അവയുടെ പൊതുവായ സവിശേഷത കണ്ടെത്തി നോട്ടുബുക്കിൽ രേഖപ്പെടുത്തട്ടെ. പട്ടികയുടെ രൂപം ചുവടെ നൽകിയിരിക്കുന്നു.

| പോർച്ചുഗീസുകാർ | | ഡച്ചുകാർ | | ഇംഗ്ലീഷുകാർ | | ഫ്രഞ്ചുകാർ | |
|---|---|---|---|---|---|---|---|
| വാണിജ്യ കേന്ദ്രങ്ങൾ | സംസ്ഥാനം | വാണിജ്യ കേന്ദ്രങ്ങൾ | സംസ്ഥാനം | വാണിജ്യ കേന്ദ്രങ്ങൾ | സംസ്ഥാനം | വാണിജ്യ കേന്ദ്രങ്ങൾ | സംസ്ഥാനം |
| ഗോവ | ഗോവ | കൊച്ചി | കേരളം | സൂറത്ത് | ഗുജറാത്ത് | പോണ്ടിച്ചേരി | പോണ്ടിച്ചേരി |
| ദാമൻ | ഗുജറാത്ത് | കൊല്ലം | കേരളം | മദ്രാസ് (ചെന്നൈ) | തമിഴ്നാട് | മാഹി | പോണ്ടിച്ചേരി |
| ദിയു | ഗുജറാത്ത് | | | കൽക്കത്ത (കൊൽക്കത്ത) | പശ്ചിമബംഗാൾ | കാരയ്ക്കൽ | പോണ്ടിച്ചേരി |
| | | | | ബോംബെ (മുംബൈ) | മഹാരാഷ്ട്ര | | |

ഈ വാണിജ്യകേന്ദ്രങ്ങളെല്ലാം തന്നെ തീരപ്രദേശങ്ങളിലാണെന്ന് ഭൂപടം നിരീക്ഷിച്ച് കണ്ടെത്താവുന്നതാണ്. സാമൂഹ്യശാസ്ത്ര ലാബിൽ വിക്കിമാപ്പിയയുടെ സഹായത്തോടെയും ഈ പ്രവർത്തനം ചെയ്യാവുന്നതാണ്.

കച്ചവടത്തിനുവേണ്ടി ഇന്ത്യയിലെത്തിയ ആദ്യത്തെ യൂറോപ്യൻ രാജ്യം ഏത്? അവസാനമായി എത്തിയ യൂറോപ്യൻ രാജ്യം ഏതായിരുന്നു? ഈ ചോദ്യങ്ങൾ അധ്യാപകൻ ക്ലാസ്സിൽ ഉന്നയിക്കുന്നു. വിവിധ യൂറോപ്യൻ രാജ്യങ്ങൾ അവ വന്ന ക്രമമനുസരിച്ച് എഴുതാൻ നിർദേശിക്കുക.

**പോർച്ചുഗീസുകാർ → ഡച്ചുകാർ → ഇംഗ്ലീഷുകാർ → ഫ്രഞ്ചുകാർ**

## കച്ചവടാധിപത്യത്തിനുവേണ്ടിയുള്ള മത്സരം - ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി അധികാരത്തിലേക്ക്

ഇന്ത്യയിൽ ബ്രിട്ടീഷുകാർ ആധിപത്യം ആദ്യം സ്ഥാപിച്ചത് ബംഗാളിലായിരുന്നു. ബംഗാളിൽ ആധിപത്യം സ്ഥാപിക്കാൻ കമ്പനിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരിക്കാം എന്ന പ്രശ്നം അധ്യാപകൻ ക്ലാസ്സിൽ ഉന്നയിക്കുന്നു. വിദ്യാർഥികളോട് പാഠഭാഗത്തിലെ പേജ് 21 (ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി അധികാരത്തിലേക്ക്) വായിച്ച് കുറിപ്പ് തയാറാക്കാൻ നിർദേശിക്കുക. താഴെ പറയുന്ന കാര്യങ്ങൾ കുറിപ്പിൽ ഉൾപ്പെടുന്നുവെന്ന് ശ്രദ്ധിക്കുമല്ലോ.

- ബംഗാളിലെ ഫലഭൂയിഷ്ഠമായ മണ്ണ്
- കാർഷിക സമൃദ്ധി
- നദീജലഗതാഗതസൗകര്യങ്ങൾ

**ബംഗാളിലെ ബ്രിട്ടീഷ് ആധിപത്യം**

*1757 ലെ പ്ലാസിയുദ്ധവും 1764 ലെ ബക്സാർ യുദ്ധവും വിജയിച്ചതോടെ ബംഗാൾ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കീഴിലായി. 1765 ൽ ഒപ്പുവച്ച അലഹബാദ് ഉടമ്പടിപ്രകാരം ബംഗാൾ, ബീഹാർ, ഒറീസ്സ മേഖലയിൽ നിന്നും നികുതി പിരിക്കാനുള്ള അധികാരം കമ്പനിക്കായി. കർഷകരിൽ നിന്നും പരമാവധി തുക നികുതിയായി പിരിക്കലായിരുന്നു കമ്പനിയുടെ ഉദ്ദേശ്യം. ഇന്ത്യയിൽ നിന്നുള്ള സാമ്പത്തിക ചോർച്ചയുടെ പ്രധാന സ്രോതസ്സായിരുന്നു ഭൂനികുതി. ഇന്ത്യൻ കർഷകരുടെ ദാരിദ്ര്യത്തിന്റെ പ്രധാന കാരണമായിരുന്നു ബ്രിട്ടീഷുകാർ പിരിച്ചെടുത്ത ഉയർന്ന നികുതി.*

## ബ്രിട്ടീഷ് ആധിപത്യം വ്യാപിക്കുന്നു

താഴെ പറയുന്ന ചോദ്യങ്ങൾ ഉന്നയിക്കുന്നു. ബംഗാളിനെ തുടർന്ന് ബ്രിട്ടീഷ് ആധിപത്യം സ്ഥാപിച്ച മറ്റ് പ്രദേശങ്ങൾ ഏതൊക്കെയായിരുന്നു? എങ്ങനെ ഈ പ്രദേശങ്ങൾ കമ്പനിയുടെ നിയന്ത്രണത്തിലായി? തുടർന്ന് വിദ്യാർഥികളെ ഗ്രൂപ്പുകളാക്കി തിരിച്ച് പാഠഭാഗം (പേജ് 22, 23) വായിച്ച് ചർച്ച ചെയ്യാൻ ആവശ്യപ്പെടുക. പാഠഭാഗത്ത് നൽകിയിരിക്കുന്ന ഭൂപടം നിരീക്ഷിക്കാൻ നിർദേശിക്കുക. ചർച്ചയ്ക്ക്ശേഷം ഓരോ ഗ്രൂപ്പും അവരുടെ കണ്ടെത്തലുകൾ തയാറാക്കി അവതരിപ്പിക്കട്ടെ. താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്ന രീതിയിൽ ചർച്ച ക്രോഡീകരിക്കാൻ ശ്രദ്ധിക്കണം. അവ നോട്ടുബുക്കിൽ കുറിച്ചുവെക്കാൻ നിർദ്ദേശിക്കുമല്ലോ.

- മലബാർ കേന്ദ്രീകരിച്ചുള്ള ബ്രിട്ടീഷുകാരുടെ കച്ചവടത്തിന് മലബാറിലെ മൈസൂർ ആധിപത്യം തടസ്സമായതോടെ ബ്രിട്ടീഷുകാർ മൈസൂർ കീഴടക്കി. മലബാർ മേഖല ഇതിലൂടെ ബ്രിട്ടീഷുകാർക്ക് ലഭിച്ചു.
- ബ്രിട്ടീഷുകാരുടെ പരുത്തിക്കച്ചവടത്തിന് മറാത്തികൾ തടസ്സമായതോടെ, മറാത്ത പ്രദേശം ബ്രിട്ടീഷുകാർ പിടിച്ചെടുത്തു.
- സിന്ധ്, പഞ്ചാബ്, അവധ് മേഖലയും അവർ കീഴടക്കി.
- സൈനിക സഹായവ്യവസ്ഥ, ദത്തവകാശ നിരോധനനിയമം എന്നിവ നടപ്പിലാക്കി നിരവധി നാട്ടുരാജ്യങ്ങളുടെമേൽ ആധിപത്യം സ്ഥാപിച്ചു.

സാമൂഹ്യശാസ്ത്ര ലാബിൽ വിക്കിമാപ്പിയയുടെ സഹായത്തോടെ മൈസൂർ, മലബാർ, മറാത്ത, സിന്ധ്, പഞ്ചാബ്, അവധ് മേഖലകൾ കണ്ടെത്താൻ വിദ്യാർഥികളെ സഹായിക്കാം.

### സൈനിക സഹായവ്യവസ്ഥ

*വെല്ലസ്ലിപ്രഭു ആവിഷ്കരിച്ച സൈനിക സഹായവ്യവസ്ഥയിൽ ചേരുന്ന നാട്ടുരാജ്യത്തെ കമ്പനി മറ്റ് നാട്ടുരാജ്യങ്ങളുടെ ആക്രമണത്തിൽ നിന്ന് സംരക്ഷിച്ചിരുന്നു. എന്നാൽ ഇങ്ങനെ അംഗമാവുന്ന രാജ്യം കമ്പനിക്ക് വർഷംതോറും വൻതുക നൽകണമായിരുന്നു. കമ്പനിയുടെ ഒരു പ്രതിനിധി (റസിഡന്റ്) രാജ്യഭരണത്തിൽ ഇടപ്പെട്ടിരുന്നു. കൂടാതെ വ്യവസ്ഥയിൽ പങ്കാളിയാവുന്ന നാട്ടുരാജ്യം കമ്പനിക്കുവേണ്ടി ഒരു സൈന്യത്തെ നിലനിർത്തണമായിരുന്നു. ചുരുക്കത്തിൽ സൈനിക സഹായ വ്യവസ്ഥയിൽ പങ്കാളിയാവുന്ന രാജ്യത്തിന് അതിന്റെ പരമാധികാരം നഷ്ടമായി.*

“കച്ചവടാവശ്യാർഥം ഇന്ത്യയിലെത്തിയ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിലെ ഭരണാധികാരികളായത് എങ്ങനെ?” എന്ന വിഷയത്തിൽ ക്ലാസ്സിൽ ഒരു സെമിനാർ സംഘടിപ്പിക്കുക. ഇതിനായി വിദ്യാർഥികളെ 5 ഗ്രൂപ്പായി തിരിക്കാം. ഓരോ ഗ്രൂപ്പിനും താഴെപ്പറയുന്നവയിൽ ഓരോ മേഖല നൽകുക.

- ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ രൂപീകരണവും ആദ്യകാല വാണിജ്യകേന്ദ്രങ്ങളും.
- ഫ്രഞ്ചുകാരുമായുള്ള കച്ചവടമത്സരങ്ങൾ
- ബംഗാളിലെ ബ്രിട്ടീഷ് ആധിപത്യം
- ബ്രിട്ടീഷ് ആധിപത്യം വ്യാപിക്കുന്നു
- സൈനിക സഹായവ്യവസ്ഥയും ദത്തവകാശനിരോധനനിയമവും

വിവരശേഖരണത്തിനായി പേജ് 19, 20, 21, 22, 23, 24 എന്നിവ വായിക്കാൻ നിർദേശിക്കുക. കൂടുതൽ വിവരങ്ങൾക്കായി ബിപൻചന്ദ്രയുടെ ആധുനിക ഇന്ത്യ എന്ന പുസ്തകവും നിർദേശിക്കേണ്ടതാണ്.

ഓരോ ഗ്രൂപ്പും അവർക്ക് നൽകിയ മേഖലകൾ ചർച്ച ചെയ്ത് ക്ലാസ്സിൽ അവതരിപ്പിക്കണം. അവതരണത്തിന് ശേഷം ചോദ്യങ്ങൾ ചോദിക്കാൻ അവസരം നൽകണം. എല്ലാ ഗ്രൂപ്പുകളുടെയും അവതരണത്തിനു ശേഷം സെമിനാർ റിപ്പോർട്ട് ഓരോ വിദ്യാർഥിയും തയ്യാറാക്കണം.

### റഫറൻസ്


1. ആധുനിക ഇന്ത്യ - ബിപൻ ചന്ദ്ര
2. മധ്യകാല ഇന്ത്യ - സതീഷ് ചന്ദ്ര
3. കേരളചരിത്രം രണ്ടാം ഭാഗം - രാഘവവാര്യർ, രാജൻ ഗുരുക്കൾ
4. കേരളചരിത്രം - എ. ശ്രീധരമേനോൻ
5. സഞ്ചാരികൾ കണ്ട കേരളം - വേലായുധൻ പണിക്കശ്ശേരി

## ടീച്ചറുടെ വിലയിരുത്തൽ

| നമ്പർ | സൂചകങ്ങൾ | അതെ | അല്ല |
|---|---|---|---|
| 1. | കച്ചവടാവശ്യാർത്ഥം ഇന്ത്യയിലെത്തിയ വിവിധ യൂറോപ്യൻ രാജ്യങ്ങൾ ഏതൊക്കെയായിരുന്നുവെന്ന് കുട്ടികൾക്കറിയാം. | | |
| 2. | 1498 ൽ പോർച്ചുഗീസുകാരനായ വാസ്കോഡഗാമ കോഴിക്കോട്ടെത്തിയെന്ന് കുട്ടികൾക്കറിയാം. | | |
| 3. | പോർച്ചുഗീസ് ബന്ധങ്ങൾ നമ്മുടെ സാമ്പത്തിക സാംസ്കാരിക മേഖലകളിലുണ്ടാക്കിയ മാറ്റങ്ങൾ പട്ടികപ്പെടുത്താൻ കുട്ടികൾക്ക് കഴിയുന്നു. | | |
| 4. | വിവിധ യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയിൽ സ്ഥാപിച്ച വാണിജ്യകേന്ദ്രങ്ങളെ ഇന്ത്യയുടെ ഭൂപടത്തിൽ കണ്ടെത്താൻ കുട്ടികൾക്ക് കഴിയുന്നു. | | |
| 5. | ബംഗാളിലായിരുന്നു ബ്രിട്ടീഷ് ആധിപത്യം ആദ്യമായി സ്ഥാപിക്കപ്പെട്ടതെന്ന് കുട്ടികൾക്കറിയാം. | | |
| 6. | സൈനികശക്തിയും വിവിധ തന്ത്രങ്ങളും ഉപയോഗിച്ചാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചതെന്ന് കുട്ടികൾക്ക് ബോധ്യമുണ്ട്. | | |
| 7. | ക്ലാസ്സ്റൂമിലെ ചർച്ച, സെമിനാർ എന്നീ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ സജീവമായി പങ്കെടുക്കാറുണ്ട്. | | |

## കുട്ടിയുടെ വിലയിരുത്തൽ

| നമ്പർ | സൂചകങ്ങൾ | അതെ | അല്ല |
|---|---|---|---|
| 1. | കച്ചവട ലക്ഷ്യത്തോടെയാണ് വിവിധ യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയിലെത്തിയത്. | | |
| 2. | പോർച്ചുഗീസ് ബന്ധങ്ങൾ നമ്മുടെ സാമ്പത്തിക സാംസ്കാരിക മേഖലകളെ കാര്യമായി സ്വാധീനിക്കുകയുണ്ടായി. | | |
| 3. | പോർച്ചുഗീസുകാർ ഇന്ത്യയിൽ സ്ഥാപിച്ച വിവിധ വാണിജ്യകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് എനിക്കറിയാം. | | |
| 4. | ഔഷധ സസ്യങ്ങളെപ്പറ്റിയുള്ള 'ഹോർത്തുസ് മലബാറിക്കസ്' എന്ന ഗ്രന്ഥം തയ്യാറാക്കിയത് ഡച്ചുകാരനായ വാൻറീഡ് ആണെന്ന് എനിക്കറിയാം. | | |
| 5. | കച്ചവടത്തിനെത്തിയ വിവിധ യൂറോപ്യൻ രാജ്യങ്ങളെ അവർ വന്ന ക്രമമനുസരിച്ച് എഴുതാൻ എനിക്ക് കഴിയും. | | |
| 6. | യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയിൽ സ്ഥാപിച്ച വാണിജ്യകേന്ദ്രങ്ങളെ ഇന്ത്യയുടെ ഭൂപടത്തിൽ അടയാളപ്പെടുത്താൻ എനിക്ക് കഴിയും. | | |
| 7. | വിദേശ ഇടപെടലുകളുടെ അപകടങ്ങളെപ്പറ്റി ഞാൻ ബോധവാനാണ്. | | |
| 8. | ക്ലാസ്സ് മുറിയിൽ നടക്കുന്ന ചർച്ച, ചാർട്ട് തയ്യാറാക്കൽ, സെമിനാർ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഞാൻ സജീവമായി പങ്കെടുക്കാറുണ്ട്. | | |